**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1028** **06-10-2021 - ൽ മറുപടിയ്ക്ക്**

**പാലാ മണ്ഡലത്തിൽ ഗ്രാമീണമേഖലയിൽ കുടിവെള്ളം ലഭ്യമാക്കാൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | **Shri Roshy Augustine**<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജലജീവൻ പദ്ധതിയിൽ ഗ്രാമീണ മേഖലയിൽ കുടിവെള്ളം ലഭ്യമാക്കുന്നതിന് 2021-22 വർഷത്തേയ്ക്ക് പുതിയ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 2021-22 വർഷത്തിൽ 29,37,564 കുടിവെള്ള കണക്ഷനുകൾ നൽകുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. 2021-22 ൽ ഇതു വരെ 13,99,540 കുടിവെള്ള കണക്ഷനുകൾ നൽകാനുള്ള 11551.23 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ 2021-22 വർഷത്തിൽ കെ.ആർ.ഡബ്ല്യു.എസ്സ്.എ മുഖേന നടപ്പിലാക്കിയ കണ്ണൂർ ജില്ലയിലെ ഇരിക്കൂർ ജലനിധി കുടിവെള്ള പദ്ധതിയിൽ നിന്നും അധികമായി 200 പ്രവർത്തനക്ഷമമായ ഗാർഹിക കുടിവെള്ള കണക്ഷനുകൾ (FHTCs) ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നൽകുന്നതിനും പുതിയതായി ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത വർഷം പാലാ മണ്ഡലത്തിൽ ഗ്രാമീണമേഖലയിൽ കുടിവെള്ളം ലഭ്യമാക്കുന്നതിന് എന്തെല്ലാം പദ്ധതികൾക്കാണ് രൂപംകൊടുത്തിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ? | (ബി) | 2021-22 വർഷം പാലാ മണ്ഡലത്തിൽ എലിക്കുളം, കരൂർ പഞ്ചായത്തുകൾക്കായി 12644 കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനായുള്ള 10582 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ കെ.ആർ.ഡബ്ല്യു.എസ്സ്.എ മുഖേന പാല നിയോജക മണ്ഡലത്തിലെ 10 പഞ്ചായത്തുകളിലായി 14598 FHTC നൽകുന്നതിനുള്ള പദ്ധതി രേഖ തയ്യാറാക്കിയിട്ടുണ്ട്. ഇവക്ക് അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പഞ്ചായത്ത് തിരിച്ചുള്ള പട്ടിക ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

Pala LA

| Sl No | GP Name | FHTCS |
|---|---|---|
| 1 | Kadanadu | 851 |
| 2 | Karoor | 306 |
| 3 | Kozhuvanal | 1236 |
| 4 | Melukavu | 1218 |
| 5 | Moonnilavu | 1865 |
| 6 | Mutholy | 1908 |
| 7 | Ramapuram | 1106 |
| 8 | Thalanadu | 1106 |
| 9 | Thalappalam | 3034 |
| 10 | Meenachil | 1968 |
| | | 14598 |